സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com വാല്യം: 60 ലക്കം: 167 2025 ഒക്ടോബർ 08 ബുധൻ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

ലക്ഷത്തിലേക്ക് കൂടുതൽ അടുത്ത് പൊന്ന്; സ്വർണവില 90,000 കടന്നു

തൃശൂർ: പ്രതീക്ഷിച്ചിരുന്നത് പോലെ സംസ്ഥാനത്ത് സ്വർണവില 90,000 കടന്നിരിക്കുന്നു. ഇന്ന് ഒരു പവൻ സ്വർണം ലഭിക്കാൻ 90,320 രൂപ നൽകണം. ഒരു ഗ്രാമിന് 11290 രൂപയാണ് വില. ഗ്രാമിന് 105 രൂപയാണ് വർധിച്ചത്. പവന് ഇന്നലത്തേക്കാൾ 840 രൂപയുടെ വർധനവാണ് ഉണ്ടായിരിക്കുന്നത്. ഇനി ഒരു പവൻ സ്വർണം പണിക്കൂലിയും കഴിഞ്ഞ് ലഭിക്കണമെങ്കിൽ ഒരു ലക്ഷം രൂപ നൽകണം.

വിദ്യാർത്ഥി മുങ്ങിമരിച്ചു

ചാവക്കാട്: ഒരുമനയൂരിൽ പള്ളികുളത്തിൽ കുളിക്കാനിറങ്ങിയ വിദ്യാർത്ഥി മുങ്ങി മരിച്ചു. വട്ടേക്കാട് കണ്ടരാശേരി സുബൈർ മകൻ മുഹമ്മദ് റസൽ (14)ആണ് മരിച്ചത്.

ചൂരൽമല, മുണ്ടക്കൈ ദുരന്തബാധിതരുടെ വായ്പ എഴുതിത്തള്ളില്ല; നിലപാടറിയിച്ച് കേന്ദ്രം

ന്യൂഡൽഹി: ചൂരൽമല, മുണ്ടക്കൈ ദുരന്തബാധിതരുടെ വായ്പ എഴുതിത്തള്ളാൻ കഴിയില്ലെന്ന് കേന്ദ്ര സർക്കാർ. ഹൈക്കോടതിയിലാണ് കേന്ദ്രം നിലപാട് വ്യക്തമാക്കിയത്. വായ്പ എഴുതിത്തള്ളുന്നത് പ്രായോഗികമല്ലെന്നാണ് അറിയിച്ചിരിക്കുന്നത്.

കേന്ദ്രസർക്കാരിന്റെ അധികാരപരിധിക്ക് പുറത്തുള്ള കാര്യങ്ങളാണ് വായ്പ എഴുതിത്തള്ളുക എന്നത്. അതിനാൽത്തന്നെ ഒന്നും ചെയ്യാൻ കഴിയില്ലെന്നാണ് കേന്ദ്ര സർക്കാരിന്റെ സത്യവാങ്മൂലത്തിലുള്ളത്. ഇക്കാര്യത്തിൽ കേന്ദ്രത്തെ കോടതി രൂക്ഷമായി വിമർശിച്ചെന്നാണ് റിപ്പോർട്ടുകൾ.

ദുരന്തബാധിതരുടെ വായ്പ എഴുതിത്തള്ളണമെന്ന നിർദ്ദേശം ഹൈക്കോടതിയാണ് മുന്നോട്ടുവച്ചത്. ദുരന്തനിവാരണ നിയമത്തിൽ ഇതിനുള്ള വകുപ്പ് ഒഴിവാക്കിയതിനാൽ സാദ്ധ്യമല്ലെന്ന് കേന്ദ്രം മുമ്പ് അറിയിച്ചിരുന്നു. പ്രത്യേക അധികാരം ഉപയോഗിച്ച് തീരുമാനമെടുത്തുകൂടേയെന്ന് കോടതിയും ആരാഞ്ഞു. ഇതിനുള്ള മറുപടിക്ക് പല തവണ കേന്ദ്രം സമയം നീട്ടി ചോദിച്ചിരുന്നു. ചൂരൽമല, മുണ്ടക്കൈ ദുരന്തബാധിതർ 35.30 കോടി രൂപയാണ് 12 ദേശസാത്കൃത ബാങ്കുകളിൽ നിന്നായി വായ്പയെടുത്തിട്ടുള്ളത്.

ഭൂട്ടാൻ വാഹനക്കടത്ത്; മമ്മൂട്ടിയുടെയും ദുൽഖറിന്റെയും വീടുകളിൽ മിന്നൽ പരിശോധന

കൊച്ചി: ഭൂട്ടാൻ കാർ കടത്തുമായി ബന്ധപ്പെട്ട് നടൻ ദുൽഖർ സൽമാന്റെ വീട്ടിൽ ഇഡി മിന്നൽ പരിശോധന നടത്തുന്നു. 17 ഇടങ്ങളിലാണ് പരിശോധന. കസ്റ്റംസ് പരിശോധന നടത്തിയതിനുപിന്നാലെയാണ് ഇവിടങ്ങളിൽ ഇഡി റെയ്ഡ് നടത്തുന്നത്. ഇന്ത്യയിലേക്ക് ഭൂട്ടാൻ/നേപ്പാൾ റൂട്ടുകളിലൂടെ ലാൻഡ് ക്രൂയിസർ, ഡിഫൻഡർ തുടങ്ങിയ ആഡംബര കാറുകളുടെ നിയമവിരുദ്ധ ഇറക്കുമതിയിലും രജിസ്ട്രേഷനിലും ഏർപ്പെട്ടിരിക്കുന്ന ഒരു സിൻഡിക്കേറ്റിനെക്കുറിച്ചുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് റെയ്ഡെന്നാണ് ഇഡി അറിയിച്ചത്.

'മമ്മൂട്ടി ഹൗസ്' എന്ന് അറിയപ്പെടുന്ന മമ്മൂട്ടിയുടെ പഴയ വീട്ടിലും മമ്മൂട്ടി ഇപ്പോൾ താമസിക്കുന്ന കടവന്ത്രയിലെ വീട്ടിലുമാണ് പരിശോധന. കടവന്ത്രയിലെ വീട്ടിലാണ് ദുൽഖർ താമസിക്കുന്നത്. നടൻമാരായ പൃഥ്വിരാജ്, അമിത് ചക്കാലയ്ക്കൽ, വിദേശ വ്യവസായി വിജേഷ് വർഗീസ്, വാഹന ഡീലർമാർ എന്നിവരുടെ വീടുകളിലും റെയ്ഡ് നടക്കുന്നുണ്ട്. കേരളം, തൃശൂർ, മലപ്പുറം, കോഴിക്കോട് ജില്ലകളിലും ചെന്നൈയിലും പരിശോധന നടന്നുവരികയാണ്.

കസ്റ്റംസ് നടത്തിയ ഓപ്പറേഷൻ നും ഖോറിന്റെ ഭാഗമായി പിടിച്ചെടുത്ത ദുൽഖർ സൽമാന്റെ വാഹനങ്ങൾ വിട്ടുനൽകണമെന്ന് കഴിഞ്ഞ ദിവസമാണ് ഹൈക്കോടതി നിർദ്ദേശിച്ചത്.

വാഹനം വിട്ടുനൽകണമെന്ന നടന്റെ ആവശ്യത്തിൽ ഒരാഴ്ചയ്ക്കുള്ളിൽ തീരുമാനമെടുക്കണമെന്നായിരുന്നു ഹൈക്കോടതിയുടെ ഉത്തരവ്. വ്യക്തികൾക്കെതിരെ തെളിവുകൾ ഇല്ലാതെ ആരോപണങ്ങൾ ഉന്നയിക്കുന്നത് ശരിയല്ലെന്നും കസ്റ്റംസിനോട് ഹൈക്കോടതി പറഞ്ഞിരുന്നു.

വിശ്വാസികളുടെ വിശ്വാസം മാത്രം സംരക്ഷിച്ചാൽ മതിയോ?

തിരു: ദൈവങ്ങളെ സംരക്ഷിക്കാൻ മനുഷ്യർ വേണോ? ദൈവങ്ങളെ അങ്ങനെ പരിഹസിക്കരുതെന്ന് മുമ്പൊരിക്കൽ പറയാതെ പറഞ്ഞിട്ടുണ്ട്. പക്ഷേ അതു തിരുത്തിപ്പറയേണ്ടിവരുമെന്ന് ശബരിമലയിലെ സ്വർണപ്പാളി വിവാദം ഓർമിപ്പിക്കുന്നു. അയ്യപ്പന്റെ സ്വർണം കട്ടതാര് എന്ന ചോദ്യത്തിനുത്തരം തേടി പരക്കം പായുകയാണ് കേരളം. ദേവസ്വം മന്ത്രിയും ദേവസ്വം പ്രസിഡന്റും രാജിവച്ച് അന്വേഷണം നേരിടണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷം സമരം പ്രഖ്യാപിച്ചിരിക്കുന്നു. ആഗോളഅയ്യപ്പസംഗമം നടത്തി നഷ്ടപ്പെട്ട രാഷ്ട്രീയവിശ്വാസം തിരിച്ചുപിടിക്കാനിറങ്ങിയ ഇടതുസർക്കാരും സർക്കാരിന്റെ ദേവസ്വം ബോർഡും ഇപ്പോൾ അയ്യപ്പന്റെ സ്വർണം എവിടെ എന്ന ചോദ്യത്തിനുത്തരമില്ലാതെ പ്രതിസന്ധിയിൽ നിൽക്കുന്നു.

എല്ലാം പെർഫെക്റ്റ് ഓകെ ആയിരുന്നു. യുവതീപ്രവേശനവിധിയെത്തുടർന്ന് ശബരിമല സംഘർഷഭരിതമായത് വിശ്വാസിസമൂഹം മറക്കാൻ തുടങ്ങിയിരുന്നു. ആളും ആരവവും പ്രതീക്ഷിച്ചത്ര വന്നില്ലെങ്കിലും ആഗോള അയ്യപ്പസംഗമത്തിന്റെ സംഘാടനത്തിലും അവതരണത്തിലും സർക്കാരിന്റെ ആസൂത്രണം കൃത്യമായി നടന്നിരുന്നു. എന്തിനേറെ പറയുന്നു എൻ.എസ്.എസ് പോലും സർക്കാരിനോടു പൊറുത്തിരുന്നു. തെറ്റു തിരുത്തിയ സർക്കാരിനോട് സമദൂരം വിട്ടൊരു ശരിദൂരം വരെ സ്വീകരിക്കാൻ എൻ.എസ്.എസിന്റെ വിശാലമനസ് തയാറായിരുന്നു. ഒപ്പം നടക്കുന്ന എസ്. എൻ. ഡി. പി മുഖ്യമന്ത്രി പിണറായി വിജയൻ അയ്യപ്പഭക്തനാണെന്നു വരെ പ്രഖ്യാപിച്ച് എല്ലാം ആസൂത്രണം ചെയ്ത അതേ തിരക്കഥയിൽ പൂർത്തിയായതാണ്. ശബരിമലയിലൂടെ വിശ്വാസിസമൂഹവുമായി ഉണ്ടായ അകൽച്ചയെല്ലാം പരിഹരിച്ചുവെന്ന സമാധാനത്തിലാണ് സർക്കാരും സിപിഎം ശബരിമലയിറങ്ങിയത്. പക്ഷേ പ്രായശ്ചിത്തക്രിയയിൽ പങ്കാളിത്തമില്ലാതിരുന്ന ഹൈക്കോടതിയുടെ ഇടപെടൽ ചതിച്ചു.

അനിരു അശോകന് പി. അരവിന്ദാക്ഷൻ അവാർഡ്

കോഴിക്കോട്: കോഴിക്കോട് കാലിക്കറ്റ് പ്രസ് ക്ലബിന്റെ സ്ഥാപക പ്രസിഡന്റും മലയാള മനോരമ തിരുവനന്തപുരം യൂനിറ്റ് മുൻ റസിഡൻറ് എഡിറ്ററുമായിരുന്ന പി. അരവിന്ദാക്ഷന്റെ പേരിൽ ഏർപ്പെടുത്തിയ മികച്ച ജനറൽ റിപ്പോർട്ടിനുള്ള മാധ്യമപുരസ്കാരം മാധ്യമം തിരുവനന്തപുരം ബ്യൂറോ സീനിയർ കറസ്പോണ്ടൻറ് അനിരു അശോകന്. 20,000 രൂപയും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്.

2024 ജൂലൈ 22ന് 'പി.എസ്.സി വിവരങ്ങൾ വിൽപനക്ക്' എന്ന തലക്കെട്ടിൽ മാധ്യമം ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച വാർത്തക്കാണ് പുരസ്ക്കാരം.

ന്യൂ മാഹി ഇരട്ടക്കൊലക്കേസ്;

കൊടി സുനിയടക്കമുള്ള 14 പ്രതികളെ വെറുതെവിട്ടു

കണ്ണൂർ: ന്യൂ മാഹി ഇരട്ടക്കൊലക്കേസിൽ 14 പ്രതികളെ വെറുതെ വിട്ടു. തലശ്ശേരി അഡീഷണൽ സെഷൻസ് കോടതിയുടേതാണ് ഉത്തരവ്. ആർഎസ്എസ് പ്രവർത്തകരായ വിജിത്ത്, ഷിനോജ് എന്നിവർ കൊല്ലപ്പെട്ട കേസിലാണ് ആർഎംപി സ്ഥാപക നേതാവ് ടിപി ചന്ദ്രശേഖരൻ വധക്കേസിലെ പ്രതി കൊടി സുനി, മുഹമ്മദ് ഷാഫി ഉൾപ്പെടെയുള്ളവരെ വെറുതെ വിട്ടത്. രണ്ടു പ്രതികൾ വിചാരണയ്ക്കിടെ മരിച്ചിരുന്നു. പ്രതികൾക്കെതിരെ ചുമത്തിയ കുറ്റം പ്രോസിക്യൂഷന് തെളിയിക്കാൻ സാധിക്കാതെ വന്നതോടെയാണ് ഇവരെ വെറുതെ വിട്ടത്.

പ്രോസിക്യൂഷനായി പബ്ലിക് പ്രോസിക്യൂട്ടർ പ്രേമരാജനാണ് ഹാജരായത്. പ്രതികൾക്കായി അഭിഭാഷകരായ സികെ ശ്രീധരനും വിശ്വനുമാണ് ഹാജരായത്. അന്വേഷണ ഉദ്യോഗസ്ഥനായ ഷൗക്കത്താണ് കുറ്റപത്രം സമർപ്പിച്ചത്. കഴിഞ്ഞ ജനുവരിയിലാണ് കേസിന്റെ വിചാരണ ആരംഭിച്ചത്.

സിപിഎം പ്രവർത്തകരെ മർദ്ദിച്ചതിന് 2010 മേയ് 28ന് വിജിത്തിനെയും ഷിനോജിനെയും മാഹിയിൽ തടഞ്ഞുനിർത്തി ബോംബെറിഞ്ഞ് വെട്ടിക്കൊലപ്പെടുത്തുകയായിരുന്നു. വിജിത്തിന്റെ അമ്മ രാജമ്മ ഹൈക്കോടതിയെ സമീപിച്ചതിനെ തുടർന്നാണ് കേസിൽ സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിച്ചത്. കേസിന്റെ വിചാരണയ്ക്ക് ജയിലിൽ നിന്നെത്തിയ കൊടി സുനി ഹോട്ടലിലെ പാർക്കിംഗ് സ്ഥലത്ത് സഹതടവുകാരോടൊപ്പം മദ്യപിക്കുന്ന സിസിടിവി ദൃശ്യങ്ങൾ പുറത്തുവന്നത് വിവാദമായിരുന്നു. അതിനുശേഷം കൊടി സുനിയെ കേസിൽ ഓൺലൈനായാണ് ഹാജരായത്. കണ്ണൂർ സെൻട്രൽ ജയിലിൽ നിന്ന് ഇയാളെ പിന്നീട് തവന്നൂർ സെൻട്രൽ ജയിലിലേക്ക് മാറ്റിയിരുന്നു.

പള്ളൂർ കോയ്യോട് തെരുവിലെ ടി സുജിത്ത് (36), മീത്തലെ ച്ചാലിൽ എൻ കെ. സുനിൽകുമാർ (കൊടി സുനി 40), നാലുതറയിലെ ടി കെ. സുമേഷ് (43), ചൊക്ലി പറമ്പത്ത് ഹൗസിൽ കെ കെ മുഹമ്മദ് ഷാഫി (39), പള്ളൂരിലെ ടി പി ഷമിൽ (37), കവിയൂരിലെ എ കെ. ഷമ്മാസ് (35), ഈസ്റ്റ് പള്ളൂരിലെ കെ കെ അബ്ബാസ് (35), ചെമ്പ്രയിലെ രാഹുൽ (33), നാലുതറ കുന്നുമ്മൽ വീട്ടിൽ വിനീഷ് (44), നാലുതറ പടിഞ്ഞാറെ പാലുള്ളതിൽ പി വി വിജിത്ത് (40), പള്ളൂർ കിണറ്റിങ്കൽ കെ. ഷിനോജ് (36), ന്യൂമാഹി അഴീക്കൽ മീത്തലെ ഫൈസൽ (42), ഒളവിലം കാട്ടിൽ പുതിയ വീട്ടിൽ സരീഷ് (40), ചൊക്ലി തവക്കൽ മൻസിൽ ടി പി. സജീർ(38) എന്നിവരാണ് പ്രതികൾ. പത്താം പ്രതി സി കെ. രജികാന്ത്, 12-ാം പ്രതി മുഹമ്മദ് രജീസ് എന്നിവർ വിചാരണയ്ക്കിടെ മരിച്ചു.

ചിത്രരാജിനെ റിമാന്റ് ചെയ്തു

തിരു: പ്രവാചകൻ മുഹമ്മദ് നബിയെ അധിക്ഷേപിച്ചതിൽ പിടിയിലായ ബി ജെ പി പ്രവർത്തകൻ ചിത്രരാജിനെ തിരുവനന്തപുരത്തെത്തിച്ചു. ചെന്നൈയിൽ നിന്നാണ് ഇയാളെ പിടികൂടിയത്. ചിത്രരാജിന്റെ വീട്ടിൽ നിന്നും മാരകായുധങ്ങളും കണ്ടെത്തി.

ചീഫ് ജസ്റ്റിസിനുനേരെ കോടതി മുറിയിൽ നടന്ന അതിക്രമത്തിൽ 'സർക്കാറിന്റെ മൗനം അസ്വസ്ഥതപ്പെടുത്തുന്നു...'

ന്യൂഡൽഹി: സുപ്രീംകോടതിയിൽ ചീഫ് ജസ്റ്റിസ് ബി.ആർ. ഗവായിക്ക് നേരെ നടന്ന അതിക്രമത്തിൽ സർക്കാറിന്റെ മൗനം അസ്വസ്ഥപ്പെടുത്തുന്നതാണെന്ന് അദ്ദേഹത്തിന്റെ സഹോദരി കീർത്തി ആർ. അർജുൻ.

തിങ്കളാഴ്ച രാവിലെ ചീഫ് ജസ്റ്റിസ് കേസ് പരിഗണിക്കുന്നതിനിടെയാണ് അഭിഭാഷകനായ രാകേഷ് കിഷോർ ഷൂ എറിയാൻ ശ്രമിച്ചത്. 'അതിക്രമം ഒരു വ്യക്തിക്ക് നേരെയല്ല, മറിച്ച് പരമോന്നത കോടതിയുടെ പ്രതിനിധിക്ക് നേരെയായിരുന്നു... ഭരണഘടനാ പദവിക്ക് നേരെയാണ് അക്രമം നടന്നത്. എന്നിട്ടും, സർക്കാറിൽനിന്ന് ഒരു പ്രതികരണവും ഉണ്ടായില്ല. ഇത് അസ്വസ്ഥതപ്പെടുത്തുന്നതാണ്' -കീർത്തി പ്രതികരിച്ചു.

വിദ്യാഭ്യാസ വിദഗ്ധയും ശ്രീ ദാദാസാഹേബ് ഗവായി ചാരിറ്റബ്ൾ ട്രസ്റ്റ് പ്രസിഡൻറുമാണ് കീർത്തി. ചീഫ് ജസ്റ്റിസിന്റെ സഹോദരി ആയതുകൊണ്ടല്ല, യുവ മനസ്സുകളുടെ ഭാവി രൂപപ്പെടുത്തുന്നതിൽ ഉത്തരവാദിയായ ഒരാൾ എന്ന നിലയിൽ കൂടിയാണ് തന്റെ ഈ പ്രതികരണമെന്നും അവർ കൂട്ടിച്ചേർത്തു. ഇന്ത്യൻ ഭരണഘടനയെ അപമാനിക്കാനുള്ള ശ്രമമാണ് നടന്നത്. ഏറ്റവും അപലപനീയമായ പ്രവൃത്തിയാണിത്, അത്തരമൊരു നിന്ദ്യമായ പ്രവൃത്തിക്കെതിരെ പ്രതിഷേധം രേഖപ്പെടുത്തേണ്ടതുണ്ടെന്നും കീർത്തി വ്യക്തമാക്കി.

അതിക്രമത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദിയും കേന്ദ്ര നിയമമന്ത്രി അർജുൻ രാം മേഘ്‌വാളും അപലപിച്ചെങ്കിലും മറ്റു കേന്ദ്ര മന്ത്രിമാരൊന്നും പ്രതികരിച്ചിരുന്നില്ല. അതേസമയം, ചീഫ് ജസ്റ്റിസിനെതിരായ അതിക്രമത്തിൽ തനിക്ക് ഒരു ഭയവും കുറ്റബോധവുമില്ലെന്ന് അഭിഭാഷകനായ പ്രതി രാകേഷ് കിഷോർ പറഞ്ഞിരുന്നു. കോടതിക്ക് അകത്തുണ്ടായ സംഭവത്തിൽ ക്ഷമാപണം നടത്തില്ല. ദൈവിക പ്രേരണയിലാണ് ചെയ്തത്. എന്ത് പ്രത്യാഘാതവും നേരിടാൻ തയാറാണെന്നും മാധ്യമങ്ങൾക്ക് നൽകിയ അഭിമുഖങ്ങളിൽ പ്രതി പറഞ്ഞു.

സനാതന ധർമവുമായി ബന്ധപ്പെട്ട ഹരജി പരിഗണിക്കുന്നതിനിടെ, 'തല പുനഃസ്ഥാപിക്കാൻ പോയി വിഗ്രഹത്തോട് പ്രാർഥിക്കൂ' എന്ന് ചീഫ് ജസ്റ്റിസ് പരിഹസിച്ചതാണ് തന്നെ വേദനിപ്പിച്ചത്. നൂപുർ ശർമയുടെ കേസ് കോടതിയുടെ പരിഗണനക്ക് വന്നപ്പോൾ, അവർ അന്തരീക്ഷം ദുഷിപ്പിച്ചെന്ന് കോടതി പറഞ്ഞു. സനാതന ധർമവുമായി ബന്ധപ്പെട്ട വിഷയം വരുമ്പോൾ സുപ്രീംകോടതി ഇത്തരം പരാമർശങ്ങൾ നടത്തുന്നു. ഹരജിക്കാർക്ക് ആശ്വാസം നൽകിയില്ലെങ്കിലും അവരെ പരിഹസിക്കരുത്. മറ്റു മതവിശ്വാസികളുടെ കേസ് പരിഗണിക്കുമ്പോൾ കോടതി ഇത്തരം പ്രതികരണം നടത്താറില്ലല്ലോ? ഹൽദ്വാനിയിലെ കൈയേറ്റം ഒഴിപ്പിക്കുന്നതിനെതിരെ ഈ കോടതി സ്റ്റേ അനുവദിച്ചപ്പോൾ ഇങ്ങനെ പ്രതികരിച്ചിട്ടില്ല. ഞാൻ ഭയപ്പെടുന്നില്ല, ഖേദിക്കുന്നുമില്ല.

പദവിയിലിരിക്കുമ്പോൾ അതിന്റെ അന്തസ്സ് ഉയർത്തിപ്പിടിക്കണം. ചീഫ് ജസ്റ്റിസ് ദലിതനാണെന്ന വസ്തുത മുതലെടുക്കുന്നത് ഏകപക്ഷീയമാണ്. അദ്ദേഹം ദളിതനല്ല. ഒരു സനാതന ഹിന്ദുവായിരുന്നു. പിന്നീട്, തന്റെ വിശ്വാസം ഉപേക്ഷിച്ച് ബുദ്ധമതം പിന്തുടർന്നു. ബുദ്ധമതം പിന്തുടർന്നതിനുശേഷം ഹിന്ദുമതത്തിൽ നിന്ന് പുറത്തുവന്നതായി തോന്നുന്നെങ്കിൽ അദ്ദേഹം ഇപ്പോഴും ദളിതനാകുന്നത് എങ്ങനെയാണെന്നും രാകേഷ് കിഷോർ ചോദിച്ചു.

'വിജയ് മല്യ നൽകിയ സ്വർണം പൂർണമായി പൊതിഞ്ഞു, 1998ൽ ശബരിമലയിൽ എല്ലാം കൃത്യമായി നടന്നു'; വെളിപ്പെടുത്തി മുൻ കീഴ്ശാന്തി



ആലപ്പുഴ: യു ബി ഗ്രൂപ്പ് ചെയർമാൻ വിജയ് മല്യ 1998ൽ നൽകിയ സ്വർണം ശബരിമല ശ്രീകോവിലിൽ പൂർണമായി പൊതിയുകയായിരുന്നുവെന്ന് അന്നത്തെ കീഴ്ശാന്തി ശ്രീനിവാസൻ പോറ്റി. ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ സന്നിധാനത്ത് കൃത്യമായ രീതിയിലാണ് സ്വർണം പൊതിഞ്ഞതെന്ന് അദ്ദേഹം മാദ്ധ്യമങ്ങളോട് പറഞ്ഞു. സ്പോൺസറായി ഉണ്ണികൃഷ്ണൻ പോറ്റിയെ തിരഞ്ഞെടുത്തതിൽ ദേവസ്വം ബോർഡ് കൂടുതൽ ശ്രദ്ധ പുലർത്തണമായിരുന്നുവെന്നും ശ്രീനിവാസൻ പോറ്റി പറഞ്ഞു.

'1998ൽ വാതിലിലും കട്ടിളപടിയിലും മുഴുവനായി സ്വർണം പൊതിഞ്ഞിരുന്നു. ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ സന്നിധാനത്തുവച്ച് കൃത്യമായ രീതിയിലാണ് സ്വർണം പൊതിഞ്ഞത്. അതുവരെയുള്ള എല്ലാ കാര്യങ്ങളും നല്ല രീതിയിലാണ് നടന്നത്. ഇപ്പോഴത്തെ വിവാദം കേട്ടപ്പോൾ വലിയ പ്രയാസം തോന്നി. ദേവസ്വം ബോർഡിന്റെ പണപ്പെട്ടിയാണ് ശബരിമല. അതു തുറന്നാണ് ദേവസ്വം ബോർഡ് ഭരണം നടത്തുന്നത്. ശബരിമലയിലെ വരുമാനം ഒരു കാരണവശാലും കുറയാൻ പാടില്ല. ഇപ്പോൾ അയ്യപ്പഭക്തരുടെ മനസിൽ വലിയ വിഷമമാണ്. അടുത്ത തവണയും നല്ല വരുമാനം ഉണ്ടാകണം. ശബരിമലയിൽ സ്പോൺസർ ഉണ്ണികൃഷ്ണൻ പോ?റ്റിയെ തിരഞ്ഞെടുത്തതിൽ കൂടുതൽ ശ്രദ്ധ വേണമായിരുന്നു'- ശ്രീനിവാസൻ പോറ്റി പറഞ്ഞു.

അതേസമയം, ശബരിമലയിലെ ദ്വാരപാലക ശില്പങ്ങൾ സ്വർണം പൂശിയതുമായി ബന്ധപ്പെട്ട് മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ബി മുരാരിബാബു പറയുന്നത് കള്ളമാണെന്ന് തന്ത്രി കണ്ഠര് രാജീവര് പ്രതികരിച്ചു. ദ്വാരപാലക ശില്പങ്ങൾ സ്വർണം പൂശുന്നതിനായി ചെന്നൈയിൽ കൊണ്ടുപോകാൻ താൻഅനുമതി കൊടുത്തിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. ശില്പങ്ങളുടെ കുറച്ചു ഭാഗം നിറം മങ്ങിയെന്നും അറ്റകുറ്റപ്പണി നടത്താൻ അനുമതി വേണമെന്നും ഇങ്ങോട്ട് ആവശ്യപ്പെട്ടതാണെന്നും ഇങ്ങോട്ട് എഴുതി ചോദിച്ചതിന്റെ മറുപടി മാത്രമാണ് കൊടുത്തതെന്നും അദ്ദേഹം വ്യക്തമാക്കി.

കോടതി പരസ്യം

ബഹു. തൃശൂർ MACT മുമ്പാകെ

OP (MV) 2542/2019

Mithrayan

-Petitioner

Shikkar M.K., S/o. Kochumuhammed, Managath House, Anthikkad P.O., Thrissur-680641

-Respondent No. 1

മേൽ നമ്പർ കേസ് 1-ാം എതൃകക്ഷിക്കുള്ള നോട്ടീസ് പതിച്ചു നടത്തുന്നതിന് കല്പിച്ച് **10-10-2025** തിയ്യതിയിലേക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണ്.

എന്ന്, 8-10-2025

ഹരജിഭാഗം അഡ്വക്കേറ്റ്

പി കെ ജോൺ (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ മുൻസിഫ് കോടതി മുമ്പാകെ

OS: 4102/2015, IA: 8268/2019, IA: 8269/2019, IA: 1/2024, IA: 2/2024

ഹൈ-ലൈൻ കുറീസ് പ്രൈവറ്റ് ലിമിറ്റഡ്, തൃശൂർ

-ഹർജിക്കാരൻ/അന്യായം

1. തൃശൂർ താലൂക്ക് നെട്ടിശ്ശേരി വില്ലേജ് നെല്ലങ്കര ദേശത്ത് പനമുക്കത്ത് നാരായണൻകുട്ടി മകൾ സൗമ്യ
2. മുകുന്ദപുരം താലൂക്ക് പുതുക്കാട് വില്ലേജ് ചെങ്ങാലൂർ ദേശത്ത് മൂക്കുതല മോഹനൻ മകൻ ബിനു
3. തൃശൂർ താലൂക്ക് നെട്ടിശ്ശേരി വില്ലേജ് നെല്ലങ്കര ദേശത്ത് പനമുക്കത്ത് നാരായണൻകുട്ടി ഭാര്യ രതി

-എതൃകക്ഷികൾ/2,3,4 പ്രതികൾ

മേൽനമ്പ് കേസിലെ IA 1/2024, IA 2/2024 എന്നീ നമ്പ്രഹർജികളിൽ എതൃകക്ഷികൾക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചു നടത്തുവാൻ അനുവദിച്ച് മേൽനമ്പ്രേ കേസ് **17-10-2025** തിയ്യതിക്ക് വിചാരണയ്ക്ക് വെച്ചിരിക്കുന്നു. അന്നേദിവസം എതൃകക്ഷികൾ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം ടിയാരെ കൂടാതെ മേൽനമ്പ്രേ ഹർജി തീർപ്പുകല്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 15-09-2025

ഹരജിഭാഗം അഡ്വക്കേറ്റ്സ്

പി എ മുരളീരാജ് & എ ദേവദാസ്.

തൃശൂർ-3(ഒപ്പ്)

ദേശീയ പാതയിൽ വൻ ഗതാഗതക്കുരുക്ക്; അനങ്ങാൻ കഴിയാതെ 4 ദിവസമായി വാഹനങ്ങൾ റോഡിൽ, വിശന്നുതളർന്ന് യാത്രികർ

ന്യൂഡൽഹി: ബീഹാറിലെ ഡൽഹി - കൊൽക്കത്ത ദേശീയ പാതയിൽ ഗതാഗതക്കുരുക്കിൽപ്പെട്ട് വാഹനങ്ങൾ കുടുങ്ങിക്കിടക്കാൻ തുടങ്ങിയിട്ട് ഇന്നേക്ക് നാല് ദിവസം. കഴിഞ്ഞ വെള്ളിയാഴ്ച ബീഹാറിലെ റോഹ്താസ് ജില്ലയിൽ കനത്ത മഴ പെയ്തതിനെത്തുടർന്ന് വിവിധ റോഡുകളിൽ വെള്ളക്കെട്ടുണ്ടായിരുന്നു. റോഡുകളിൽ കുഴികൾ നിറഞ്ഞതും ഗതാഗതക്കുരുക്കിന് കാരണമായി.

റോഹ്താസിൽ നിന്ന് 65 കിലോമീറ്റർ അകലെയുള്ള ഓറംഗബാദ് വരെ ഗതാഗതക്കുരുക്ക് നീണ്ട് കിടക്കുകയാണ്. 24 മണിക്കൂറിൽ വെറും അഞ്ച് കിലോമീറ്റർ താണ്ടാൻ മാത്രമാണ് സാധിക്കുന്നത്. ഗതാഗതക്കുരുക്ക് പരിഹരിക്കാൻ പ്രാദേശിക ഭരണകൂടം നടപടികൾ സ്വീകരിക്കുന്നില്ലെന്ന പരാതി ശക്തമാണ്. ദേശീയ പാത അധികൃതരോ റോഡ് നിർമാണ കമ്പനിയോ ഗതാഗതക്കുരുക്ക് മാറാനുള്ള നടപടിയെടുക്കുന്നില്ലെന്നാണ് വാഹന യാത്രികർ പരാതിപ്പെടുന്നത്.

'കഴിഞ്ഞ 30 മണിക്കൂറിനിടെ വെറും ഏഴ് കിലോമീറ്റർ മാത്രമാണ് നമ്മൾ കടന്നത്. ടോളുകളും നികുതിയും മറ്റ് ചെലവുകളും വഹിച്ചിട്ടും മണിക്കൂറുകളോളം ഗതാഗതക്കുരുക്കിൽപ്പെട്ട് വലയേണ്ടതായി വരുന്നു. ദേശീയ പാത അധികൃതരോ റോഡ് നിർമാണ കമ്പനിയുടെ പ്രതിനിധികളോ ആരും തന്നെ ഇവിടെ എത്തിയിട്ടില്ല'- ട്രക്ക് ഡ്രൈവറായ പ്രവീൺ സിംഗ് പറഞ്ഞു. ദിവസങ്ങളായി ഇവിടെ പെട്ടിരിക്കുകയാണ്. വിശപ്പും ദാഹവുംകൊണ്ട് വലയുന്നുവെന്ന് മറ്റൊരു ട്രക്ക് ഡ്രൈവറായ സഞ്ജയ് സിംഗ് പരാതിപ്പെട്ടു. വലിയ വാഹനങ്ങൾക്ക് പുറമെ കാൽനടയാത്രക്കാരും ആംബുലൻസുകളും, വിനോദ സഞ്ചാരികളും ഉൾപ്പെടെ ഗതാഗതക്കുരുക്കിൽ പ്രതിസന്ധി നേരിടുകയാണ്.

കോടതി പരസ്യം

ബഹു. കൊടുങ്ങല്ലൂർ മുൻസിഫ് കോടതി മുമ്പാകെ

OS: 470/2024

എറണാകുളം ജില്ല, കൊച്ചി താലൂക്ക്, എടവനക്കാട് വില്ലേജ്, എടവന ക്കാട് പി.ഒ, പഴങ്ങാ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

അംബേദ്ക്കർ - അയ്യൻകാളി അനുസ്മരണ സമിതി

ചാലക്കുടി: ഇന്ത്യൻ ഭരണഘടനയുടെ കാവൽ ഭടനായസു പ്രിം കോടതി ചീഫ് ജസ്റ്റിസിനു നേരെ കോടതിക്കുള്ളിൽ ഷൂ എറിയാൻ ശ്രമിച്ച അഭിഭാഷകന്റെ നടപടിയിൽ അംബേദ്ക്കർ - അയ്യൻകാളി അനുസ്മരണ സമിതി യോഗം ഉത്കണ്ഠയു - പ്രതീഷേധവും രേഖപ്പെടുത്തി. സ്വതന്ത്ര ഇന്ത്യയിൽ കേട്ടുകേൾവി ഇല്ലാത്ത വിധം പെരുമാറിയ അഭിഭാഷകൻ മഹത്തായ രാജ്യത്തിന്റെ ജനാധിപത്യത്തേയും, ഭരണഘടനയേയും, മതേതരത്വത്തേയും പരസ്യമായി കടന്നാക്രമിക്കുകയായിരുന്നുവെന്നും യോഗം അഭിപ്രായപ്പെട്ടു. ചെയർമാൻ സി എം അയ്യപ്പൻ അദ്ധ്യക്ഷത വഹിച്ചു. ജന: കൺവീനർ പി.കെ.ശങ്കർദാസ് പ്രതിഷേപ്രമേയം അവതരിപ്പിച്ചു. അഡ്വ: കുഞ്ഞുമോൻ കെ കന്യാടത്ത്.കെ.പി.സുബ്രൻ., കലാഭവൻ ജയൻ, വി.കെ. സുബ്രൻ,, സി കെ.കൃഷ്ണനൻ കുട്ടി എന്നിവർ സംസാരിച്ചു.

വാഹനം ആവശ്യമുണ്ട്

മുല്ലശ്ശേരി: ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസിലേക്ക് ഒക്ടോബർ മാസം മുതൽ ഒരു വർഷത്തേക്ക് ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനായി വാഹനം വാടകയ്ക്ക് എടുക്കുന്നതിന് ടെണ്ടർ ക്ഷണിച്ചു. താത്പര്യമുള്ളവർ ഒക്ടോബർ പത്തിന് ഉച്ചക്ക് 2മണിക്ക് മുമ്പായി അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് മുല്ലശ്ശേരി ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 9188959753.

ഭരത് ആന്റണി ഫിലിം മത്സരം

തൃശൂർ: പാർട്ട് - ഒ.എൻ.ഒ. ഫിലിംസ്- തൃശൂർ ആന്റ് ബിന്നി ഇമ്മട്ടി ഫൗണ്ടേഷൻ - ഭരത് പി.ജെ.ആന്റണിയുടെ പേരിൽ വിവിധ തലങ്ങളിലായി ദേശീയ പുരസ്ക്കാരങ്ങൾ സമ്മാനിക്കും. അയ്യായിരം രൂപ മുതലുള്ളതാണ് അവാർഡുകൾ.

നാടകരചന, ഡോക്യുമെന്റ്റി ഫിലിം,ഷോർട്ട് ഫിലിം, കുട്ടികളുടെ ഫിലിം തുടങ്ങിയക്കാണ് പുരസ്ക്കാരങ്ങൾ. ഡിസംബറിൽ ഷോർട്ട് ഫിലിം ഫെസ്റ്റിൽ അവാർഡുകൾ സമ്മാനിക്കുമെന്ന് ഭാരവാഹികൾ വാർത്താ സമ്മേളന ത്തിൽ അറിയിച്ചു.

എന്ററികൾ നവമ്പർ -1 ന് മുമ്പ് ചാക്കാ ഡി അന്തിക്കാട്, പി.ഒ. ചേർപ്പ് 680 561. വിലാസത്തിയ ക്കണം ഫോ 994708489. വാർത്താ സമ്മേളനത്തിൽ സി. രാവുണ്ണി, റ ജോയ് പ്ലാശ്ശേരി, ചാക്കോ ഡി അന്തിക്കാട്, സേവ്യർ ചിറയത്ത്, ഷിബു മഞ്ഞളി പങ്കെടുത്തു.

കൈത്തറി ചിത്രരചന മത്സരം അപേക്ഷ ക്ഷണിച്ചു

തൃശൂർ: കൈത്തറിയുടെ പ്രചരണാർത്ഥം കൈത്തറി വസ്ത്ര ഡയറക്ടറേറ്റിന്റെയും തൃശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെയും ആഭിമുഖ്യത്തിൽ ഒക്ടോബർ 11 ന് ശനിയാഴ്ച ഉച്ചയ്ക്ക് രണ്ട് മണിക്ക് ജില്ലയിലെ സ്കൂൾ വിദ്യാർത്ഥികൾക്കായി കൈത്തറി ചിത്ര രചനാ മത്സരം സംഘടിപ്പിക്കും. കളക്ടറേറ്റ് കോൺഫറൻസ് (അനെക്സസ്) ഹാളിൽ സംഘടപ്പിക്കുന്ന മത്സരത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന കുട്ടികൾ ഒക്ടോബർ ഒമ്പതിനകം ജില്ലാ വ്യവസായ കേന്ദ്രം തൃശൂർ ഓഫീസിൽ നേരിട്ടോ ഇ മെയിൽ അല്ലെങ്കിൽ തപാൽ മുഖേനയോ അപേക്ഷിക്കണം. എൽ.പി, യുപി, ഹൈസ്കൂൾ വിഭാഗങ്ങളിലാണ് മത്സരം. ഒന്നും രണ്ടും സ്ഥാനം നേടുന്ന കുട്ടികൾക്ക് പുരസ്കാരവും സംസ്ഥാന തല മത്സരങ്ങളിൽ പങ്കെടുക്കുവാൻ അവസരവും ലഭിക്കും. ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം തൃശൂർ, അയ്യന്തോൾ പി .ഒ 680003, ഇമെയിൽ: handloomthrissur@gmail.com കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 04872360847, 9446224053, 9809648962

ജുഡീഷ്യറിയെ ഭീഷണിപ്പെടുത്തി കാവിവൽക്കരിക്കാൻ ഉള്ള നീക്കം ഉപേക്ഷിക്കുക

തൃശൂർ: ഇന്ത്യൻ ഭരണഘടനയുടെ സംരക്ഷകരായ ജുഡീഷ്യറിക്ക് നേരെ നടന്ന ആക്രമണമാണ് സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ബി.ആർ ഗവായിക്കെതിരെ ഉണ്ടായതെന്ന് ജനത ലോയേഴ്സ് സെന്റർ തൃശ്ശൂർ ജില്ലാ കമ്മിറ്റി. സനാതന ധർമ്മത്തെയും,മനുസ്മൃതിയെയും ഇന്ത്യൻ ഭരണഘടനയ്ക്ക് ബദലായി അവതരിപ്പിക്കാനുള്ള നീക്കം ആണിതെന്നും ആയത് അപലിനീയം ആണെന്നും അടിയന്തിര ജി..

ല്ലാ കമ്മിറ്റി ഉദ്ഘാടനം ചെയ്തുകൊണ്ട് ജില്ലാ പ്രസിഡന്റ് അഡ്വക്കേറ്റ് സി ടി ജോഫി പ്രസ്താവിച്ചു. ചീഫ് ജസ്റ്റിസ് ബി.ആർ ഗവായിക്കെതിരെ ഉണ്ടായ ആക്രമണം ഒരു വ്യക്തിക്ക് നേരെ ഉള്ളതല്ലെന്നും, സനാതന ധർമ്മം നടപ്പിലാക്കാനുള്ള വേദിയല്ല സുപ്രീംകോടതിയെന്നും, ഭരണഘടനയെ വെല്ലുവിളിച്ച് പരമോന്നത നീതിന്യായ പീഠത്തെ ആക്രമിച്ചത് ഭീകരവാദമായി കണ്ട് അടിയന്തിര ശിക്ഷാ നടപടി സ്വീകരിക്കണമെന്ന് ജില്ലാ കമ്മിറ്റി പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടു. ജില്ലാ പ്രസിഡന്റ് അഡ്വ എ. എൻ ഹരീഷ് അധ്യക്ഷത വഹിച്ചു. അഡ്വ.എം.എസ് ബസന്ത്അഡ്വ. വിവേക്.കെ, അഡ്വ. സൂരജ്എസ് എന്നിവർ പ്രസംഗിച്ചു.

ശ്രീ സത്യസായി പ്രേമവാഹിനി രഥയാത്ര പര്യടനം തുടങ്ങി

തൃശൂർ: ശ്രീ. സത്യസായി ബാവയുടെ ജന്മശതാബ്ദി ആഘോഷം ലോക വ്യാപകമായി നടക്കുകയാണ്. അയതിന്റെ ഭാഗമായി ശ്രീ സത്യസായി സേവാ സംഘടന - കേരളത്തിന്റെ ശ്രീ സത്യസായി പ്രേമവാഹിനി രഥയാത്ര പര്യടനം തുടങ്ങി. ഒക്ടോബർ 25 ന് പാറശ്ശാലയിൽ സമാപിക്കും.

രഥയാത്ര 8, 9 തീയതികളിൽ തൃശൂർ ജില്ലയിൽ പര്യടനം നടത്തുമെന്ന് ശ്രീ സത്യസായി സേവാ ഓർഗനൈസേഷൻ തൃശൂർ ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. 8 ന് കാലത്ത്10 മണിക്ക് മണ്ണുത്തി തിരുവാണിക്കാവ് ദേവി ക്ഷേത്രത്തിൽ നിന്ന് രഥയാത്ര തുടങ്ങും. 3 മണിക്ക് വടക്കു ന്നാ ഥ ക്ഷേത്ര സന്നിദ്ധിയിൽ സമാപിക്കും. 9 ന് കാലത്ത് 8 മണിക് കൊടകര പൂനിലാർക്കാവ് ദേവീ ക്ഷേത്രത്തിൽപ്പീകരണം. 10 മണിക്ക് ഇരിങ്ങാലക്കുട ഗായത്രി ഹാൾ . 3 മണിക് ചാലക്കുടി മരത്തോമ്പിള്ളി ശ്രീകൃഷ്ണ ക്ഷേത്രത്തിൽ സമാപനം.

ജന്മശതാബ്ദി ഭാഗമായി നിരവധി കാരുണ്യ, സേവന ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

വാർത്താ സമ്മേളനത്തിൽ പ്രൊഫ. ടി.കെ. ദേവനാരായണൻ, കെ. മണികണ്ഠൻ, സുരേഷ് കുമാർവി ഡോ : ശ്രീരാജ്, കല്യാണകൃഷ്ണനൻ തുടങ്ങിയവർ പങ്കെടുത്തു.

ഭജനോത്സവം

തൃശൂർ: ഇത്തവണത്തെ ഭജനോത്സവം പുങ്കുന്നം പുഷ്പഗിരിശ്രീ സീതാരാമി സ്വാമി ക്ഷേത്ര വേദിയിൽ ഒക്ടോബർ 9 മുതൽ 12 വരെ നടക്കുമെന്ന് തൃശൂർ ഭജനോത്സവ കമ്മറ്റി ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

9 ന് കാലത്ത് 9മണി മുതൽ സമാരംഭം. 12ന് വൈകിട്ട് 5ന് സമാപനം. മുഖ്യചടങ്ങായ ഉച്ചവ്യത്തി - 12ന് കാലത്ത് 7.30 ന് . മുഖ്യ സംഗീതജ്ഞരാണ് ഭജനോത്സവത്തിൽ പങ്കെടുക്കുക ഭാരവാഹികളായ വി.ജി.കൃഷ്ണൻ, ടി.എസ്. വെങ്കിട്ടരാമൻ, ടി.എസ്.ജയകൃഷ്ണൻ, എസ് രങ്ക സ്വാമി, ടി.എ. ശ്രീധരൻ തുടങ്ങിയവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

കോടതി പരസ്യം

ബഹു. പട്ടാമ്പി മുൻസിഫ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ

OS: 57/2018

പുലാശ്ശേരിക്കര ശ്രീസുബ്രഹ്മണ്യൻ സ്വാമി കോവിൽ സംരക്ഷണ സമിതി സെക്രട്ടറി കെ പി കൃഷ്ണൻകുട്ടി മുതൽ 2-ാൾ

-അന്യായം

രാമകൃഷ്ണൻ മുതൽപേർ

- പ്രതികൾ

പുലാശ്ശേരിക്കര ശ്രീസുബ്രഹ്മണ്യൻ സ്വാമി കോവിൽ സംരക്ഷണ സമിതി സെക്രട്ടറിയായ കെ പി കൃഷ്ണൻകുട്ടി S/o. കൃഷ്ണൻ, കുട്ടപിലാക്കൽ ഹൗസ്, പി ഒ. മരുതൂർ, അണ്ടലാടി, പട്ടാമ്പി-679306 എന്നവരെ പട്ടാമ്പി മുൻസിഫ് മജിസ്ട്രേറ്റ് കോടതിയിൽ നിലവിലുള്ള OS: 57/2018 ലെ അന്യായം തുടർന്നു നടത്താൻ 2-9-2025നു നടന്ന എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചിരിക്കുന്നു. ആയതിൽ ആർക്കെഎങ്കിലും ആക്ഷേപമുണ്ടെങ്കിൽ ഈ കോടതിയിൽ **13-10-2025** തിയ്യതി കാലത്ത് 11 മണിക്ക് ഹാജരായി ആക്ഷേപം ബോധിപ്പിക്കണമെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 29-09-2025

അന്യായഭാഗം അഡ്വക്കെറ്റ്

വി കെ കൃഷ്ണകുമാർ

(ഒപ്പ്)

എഞ്ചിനിയറിംഗ് കോളേജിൽ അന്താരാഷ്ട്ര സമ്മേളനം

തൃശൂർ: : ഗവ: എഞ്ചിനിയറിംഗ് കോളേജിൽ എൻ ജിനീയറിങ് -സയൻസ് - ടെക്നോളജി മേഖലകളിലായി ത്രിദിന ഇന്റർനാഷണൽ കോൺഫറൻസ്(ഐസ് ടെസ്റ്റ്- 20-25) ഒക്ടോ. 9, 10, 11 തീയതികളിൽ നടക്കും. സുസ്ഥിര വികസനവും ലോക ചിന്തയും എന്നതാണ് മുഖ്യ വിഷയം. ലോകത്തേയും ഇന്ത്യയിലേയും പ്രമുഖ എഞ്ചിനിയറിംഗ് കോളേജുകളിലെ വിഷയ വിദഗ്ധരുടെ ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിക്കും. സൂക്ഷമ പരിശോധനയിലൂടെ അംഗീകരിച്ച 170 പ്രബന്ധങ്ങളാണ് അവതരിപ്പിക്കുക. അവ അന്താരാഷ്ട്ര നിലവാരത്തിലുള്ള ജേർണലുകളിൽ പ്രസിദ്ധീകരിക്കും. ഹൈബ്രീഡ് മോഡലിൽ ഒരുക്കുന്ന സമ്മേളനത്തിൽ ആഗോളതല പ്രതിനിധികൾ ഓൺലൈനായി പങ്കെടുക്കും. പി.ജി. വിദ്യാർഥികൾ,ഗൈഡുകൾ ഉൾപ്പെടെ ആയിരം പേരുടെ പങ്കാളിത്തം ഉണ്ടായിരിക്കും. പ്രമുഖ എഞ്ചിനിയർമാർ ചർച്ച നയിക്കും.

9ന് കാലത്ത് 9.30ന് സമേളനം ഇൻഫോപാർക്ക് കേരള - -സൈബർ പാർക്ക് സി.ഇ.ഒ: സുശാന്ത് കുരുന്തിൽ ഉൽഘാടനം ചെയ്യും. പ്രൊഫ. ജാനിദാസ് - ടെക്സാസ് യൂണിവേഴ്സിറ്റി മുഖ്യ ഭാഷണം ചെയ്യും. 11ന് 3മണിക്ക് സമാപന സമ്മേളനത്തിൽ കഥ ഐ ഇ ഇ: ഏഷ്യ പസഫിക് ഡയറക്ടർ ഡോ: എസ്.എം. സമീർ പ്രഭാഷണം ചെയ്യും.

പരിപാടികൾ വിശദീകരിച്ച വാർത്താസമ്മേളനത്തിൽ കോളേജ് പ്രിൻസിപ്പാൾ ഡോ: പി.എ. സോളമൻ, ഡോ: ബി. പേമാനന്ദ്, ഡോ: എം.ഡി. ബിന്ദു, ഡോ.എം.പി. ഗിലേഷ്, ഡോ. ഇ ഡി.: ദിലീഷ് പങ്കെടുത്തു

വാർത്താച്ചുരുക്കം

* എടമുട്ടം ആൽഫ പാലിയേറ്റിവ് കെയർ ഗാന്ധി ജയന്തി ദിനത്തിൽതൃശൂരിൽ ശാന്തി യാത്ര, സമ്മേളനം സംഘടിപ്പിച്ചു.
* ലൈബ്രറി കൗൺസിൽ സംസ്ഥാന പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട ഡോ.. ധർമ്മരാജ് അടാട്ടിനേയും,തൃശൂരിൽ നിന്നുള്ള എക്സിക്യൂട്ടീവ് അംഗം ഹാരി ഫാബിടിച്ചറേയും, തൃശൂർ ജില്ലാലൈബ്രറി കൗൺസിൽ അനുമോദിച്ചു.
* മാള വട മകരിന്തലക്കൂട്ടം നാട്ടറിവ് പഠനകേന്ദ്രം ഫോക് ലോർ അവാർഡുകൾപ്രഖ്യാപിച്ചു.
* തൃശൂരിലെ പൊ ഫ: വി. അരവിന്ദാക്ഷൻ ഫൗണ്ടേഷൻ പുരസ്ക്കാരത്തിന് ഡോ: പ്രഭാത് ... പട്നായ്ക്അർഹനായി.
* സാമൂഹ്യനീതി വകുപ്പ്വിഷൻ - 2031 സംസ്ഥാനതല സെമിനാർ തൃശൂർ റിജിനൽ തിയേറ്ററിൽ മന്ത്രി ആർ.ബിന്ദു നേതൃത്വം നൽകി.
* കംഭാര സമുദായ സംഘടന സംസ്ഥാന സമ്മേളനം ടൗൺഹാളിൽ നടന്നു.
* കേന്ദ്ര സർക്കാർ അവഗണനയിൽ പ്രതിഷേധിച്ച് കേരള പ്രവാസി സംഘം സമര പരിപാടി ഭാഗമായി തൃശൂർ ജില്ലാ കമ്മറ്റി പ്രചാരണ ജാഥ നടത്തി.
* യുദ്ധ ഭീകരതയിൽ കുട്ടികൾ രക്തസാക്ഷികളാകുന്നതിനെതിരെ പ്രതികാത്മകമായി കളിപ്പാട്ടങ്ങളും പാഴ് വസ്തുക്കളും ഉപയോഗിച്ച് ബൊമ്മകൊലു ഒരുക്കി. ചെമ്പൂക്കാവ് പലവകയിലായിരുന്നു പരിപാടി.
* തയ്യൂർ ഓർമ്മ കൂട്ടം - എ.പി. തോമാസ് മാസ്റ്റർ സ്മാരക പുരസ്ക്കാരങ്ങൾ അദ്ധ്യാപകർക്ക് പ്രഖ്യാപിച്ചു.
* സിനിയർ സിറ്റിസൺസ് ഫ്രണ്ട് വെൽഫെയർ സൊസൈറ്റി സംസ്ഥാനതല വനിതാ കൺവെൻഷൻ തൃശൂരിൽ നടന്നു.
* വന്യ ജിവി വാര ഭാഗമായി ഗ്രീൻ സിറ്റി വാരിയേഴ്സ് ഫോട്ടോ പ്രദർശനം ലളിത കലാ അക്കാ ദമി ആർട്ട് ഗ്യാലറിയിൽ നടന്നു.
* ബി. എസ്.എൻ.എൽ. ജൂബിലി ആഘോഷം തൃശൂരിലും നടന്നു. ഫോർ ജി വികസന പദ്ധതികളും പുരോഗമിക്കുന്നു.
* സമൂഹ നാരായണ പാരായണ യജ്ഞം 5തൽ 10 വയസുവരെ ഗുരുവായൂർ ടൗൺ നാളിൽ നടക്കും.
* സാഹിത്യകാരൻ ബാലചന്ദ്രൻ വടക്കേടത്ത് സ്മരണക്കായി കെ.പി.സി.സി. വിചാർ വിഭാഗ് തൃശൂർ ജില്ലാ കമ്മറ്റിയുടെ പുരസ്ക്കാരത്തിന് എം.എൻ.കാരശ്ശേരിയെ തിരഞ്ഞെടുത്തു.

പഞ്ചായത്ത് കേരളോത്സവം സമാപന സമ്മേളനവും സമ്മാനദാനവും

പുതുക്കാട് : ഗ്രാമ പഞ്ചായത്ത് കേരളോത്സവം സമാപന സമ്മേളനം ഉദ്ഘാടനവും വിജയികൾക്ക് സമ്മാനദാനവും ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ എം ബാബുരാജ് നിർവ്വഹിച്ചു .സ്ഥിരം സമിതി അദ്ധ്യക്ഷൻ സി സി സോമസുന്ദരൻ അധ്യക്ഷനായിരുന്നു .വൈസ് പ്രസിഡന്റ് ഷൈനി ജോജു ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ ഷാജു കാളിയേങ്കര,രതി ബാബു ,പ്രീതി ബാലകൃഷ്ണൻ,ഹിമ ദാസൻ,രശ്മി ശ്രീഷോബ് സെക്രട്ടറി പി ആർ ജോൺ എന്നിവർ പ്രസംഗിച്ചു .

വൃക്ഷത്തൈ നടൽ പദ്ധതി

തൃശൂർ: സത്യസായി ഭാവയുടെ ജന്മശതാബ്ദി ഭാഗമായി കേരളത്തിലെ ശ്രീ സത്യസായിസേവാ സംഘടന, 14 ജില്ലകളിലായി വൃക്ഷത്തൈ നടൽ പദ്ധതി നടപ്പാക്കുന്നു. ആദ്യഘട്ടമായി 27,762 തൈകൾ നട്ടു. പദ്ധതി തുടരും. ആഘോഷ ഭാഗമായി 2025 ൽ ആഗോള തലത്തിൽ 10 ദശലക്ഷം മരത്തൈകളാണ് നടുക.

ഷൊർണൂരിലെ സത്യസായി ഹോസ്പിറ്റലിൽ തിമിര ശസ്ത്രക്രിയ ഉൾപ്പെടെയുള്ളനൂതന ചികിത്സകൾ സൗജന്യമായി നൽകി വരുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ശുചീകരണ തൊഴിലാളികൾക്ക് മഴ-വെയിൽ സംരക്ഷണ കുട വിതരണം, ഓട്ടോ- ടാക്സിഡ്രൈവർമാർക്ക് കണ്ണട സൗജന്യ വിതരണം/എല്ലാ ജില്ല കളിലുമായി 1.65 ലക്ഷംപേർക്ക് ഗുണമായി 119 ജല ശുദ്ധീകരണ യൂണിറ്റുകൾ സ്ഥാപിക്കൽ എന്നിവയും പ്രധാന പ്രവർത്തന പരിപാടി കളാണ്. ആദിവാസി, ഗ്രാമീണ വികസനം, തൊഴിൽ പദ്ധതികൾ, ഭക്ഷണ വിതരണവും സേവാ സംഘടനാ പദ്ധതികളാണ്.

ശബരിമല - സ്വർണ്ണക്കൊള്ള - ഇടത് സർക്കാർ മാപ്പ് അർഹിക്കുന്നില്ല : തോമസ്സ് ഉണ്ണിയാടൻ

ഇരിങ്ങാലക്കുട:ശബരിമലയിൽ നടന്ന സ്വർണ്ണക്കൊള്ളയ്ക്ക് ഇടത് സർക്കാരും ദേവസ്വം ബോർഡും കൂട്ട് നിന്നിട്ടുണ്ടെന്നും അവരുടെ കുറ്റം മാപ്പ് അർഹിക്കാത്തതാണെന്നും കേരള കോൺഗ്രസ്സ് ഡെപ്യൂട്ടി ചെയർമാൻ തോമസ്സ് ഉണ്ണിയാടൻ. 2019 മുതൽ മന്ത്രി സഭയിൽ ദേവസ്വം വകുപ്പ് കൈകാര്യം ചെയ്തിരുന്നതും തിരുവിതാംകൂർ ദേവസ്വം ബോർഡ് ചെയർമാൻമാരായിരുന്നതും സി.പി.എം നേതാക്കളാണ്. ഇക്കാലയളവിലാണ് തട്ടിപ്പ് നടന്നിട്ടുള്ളത്. പ്രത്യക്ഷമായോ പരോക്ഷമായോ കുറ്റകൃത്യങ്ങളിൽ ഇവർക്കുള്ള പങ്ക് എത്രത്തോളംഉണ്ടായിരുന്നു എന്നു മാത്രമേ ഇനി അറിയേണ്ടതുള്ളൂ. ദേവസ്വം മന്ത്രി രാജി വയ്ക്കാൻ തയ്യാറാകുകയും ദേവസ്വം പ്രസിഡന്റിനെ പുറത്താക്കുകയും വേണം.തട്ടിപ്പിനെക്കുറിച്ച് സി.ബി. ഐ അന്വേഷണം വേണമെന്നും ഉണ്ണിയാടൻ ആവശ്യപ്പെട്ടു. കേരള കോൺഗ്രസ്സ് സംസ്ഥാന

വ്യാപകമായി നടത്തുന്ന പ്രതിഷേധ സംഗമത്തിന്റെ ഭാഗമായാണ് മദ്ധ്യ മേഖല പ്രതിഷേധ സംഗമം ഇരിങ്ങാലക്കുടയിൽ സംഘടിപ്പിച്ചത്. സംസ്ഥാന സ്റ്റിയറിംഗ് കമ്മിറ്റി അംഗം റോക്കി ആളൂക്കാരൻ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി മിനി മോഹൻദാസ് ആമുഖപ്രഭാഷണം നടത്തി. ഭാരവാഹികളായ സേതുമാധവൻ പറയം വളപ്പിൽ, സിജോയ് തോമസ്സ്, സതീശ് കാട്ടൂർ,മാഗി വിൻസെന്റ്, ഷൈനി ജോജോ,ഫെനി എബിൻ, തുഷാരബിന്ദു ഷിജിൻ, അജിത സദാനന്ദൻ, ശങ്കർ പഴയാറ്റിൽ,ഫിലിപ്പ് ഓളാട്ടുപുറം,നൈജു ജോസഫ് ഊക്കൻ, അഷ്റഫ് പാലിയത്താഴത്ത്, ജോൺസൻ കോക്കാട്ട്, ജോമോൻ ജോൺസൻ ചേലേക്കാട്ടു പറമ്പിൽ, എൻ.ഡി.പോൾ, എ.ഡി ഫ്രാൻസിസ് ആഴ്ചങ്ങാട്ടിൽ, പി.ടി. ജോർജ്ജ്, എം.എസ്.ശ്രീധരൻ മുതിരപ്പറമ്പിൽ,എബിൻ വെള്ളാനിക്കാരൻ, ലാസർ കോച്ചേരി, ശിവരാമൻ പടിയൂർ, ആന്റോൺ പ റോക്കാരൻ,ജോസ്. ജി. തട്ടിൽ, മോഹനൻ ചേരയ്ക്കൽ, ബാബു ഏറാട്ട്, ജയൻ പനോക്കിൽ, അനിലൻ പൊഴേക്കടവിൽ, ലോനപ്പൻ കുരുതുകുളങ്ങര, കെ.പി. അരവിന്ദാക്ഷൻ,മുജീബ്. സി.ബി എന്നിവർ പ്രസംഗിച്ചു

അസോസിയേഷൻ ദിനവും ഹിന്ദി വാരാചരണത്തിന്റെ സമാപനവും

ഇരിങ്ങാലക്കുട : സെന്റ് ജോസഫ്സ് കോളേജിലെ ഹിന്ദി വിഭാഗം അസോസിയേഷൻ ദിനവും ഹിന്ദി വാരാചരണത്തിന്റെ സമാപനവും ആചരിച്ചു. സി. പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. ലീന സാമുവൽ ഹിന്ദി വാരാചരണത്തിന്റെ സമാപന ചടങ്ങിന്റെ ഉദ്ഘാടനവും, അരുവിത്തുറ സെന്റ് ജോർജ്ജ് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ അശിൻ കെ വി നമ്പൂതിരി അസോസിയേഷൻ ദിന ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. ചടങ്ങിൽ കോളേജ് പ്രിൻസിപ്പാൾ ഡോ. സിസ്റ്റർ ബ്ലെസ്സി അധ്യക്ഷത വഹിച്ചു. ഇന്ത്യയുടെ ഔദ്യോഗിക ഭാഷ എന്ന നിലയിൽ ഹിന്ദിയുടെ പ്രാധാന്യത്തെക്കുറിച്ചും ഭാഷ പഠിക്കുന്നത് കൊണ്ടുള്ള ഗുണങ്ങളെക്കുറിച്ചും ഉദ്ഘാടന പ്രസംഗത്തിൽ ഡോ. ലീന സാമുവൽ പ്രതിപാദിച്ചു. ഉൽഘാടനതിന്റെ ഭാഗമായി അശിൻ സർ കുട്ടികൾക്ക് ഒരു ബോധവത്കരണ ക്ലാസ് എടുത്തു. പ്രിൻസിപ്പാൾ ഡോ. സിസ്റ്റർ ബ്ലെസ്സി ഡോ. ലീന സാമുവൽ, അശിന് കെ വി നമ്പൂതിരി എന്നിവർക്കു ഉപഹാരം നൽകി ആദരിച്ചു. ഹിന്ദി വാരാചരണത്തോട് അനുബന്ധിച്ചു നടത്തിയ വിവിധ മത്സരങ്ങളുടെ വിജയികൾക്ക് സമ്മാനദാനം നടത്തി. വിദ്യാർത്ഥിനികളുടെ വിവിധ കലാപരിപാടികളോട് കൂടി ചടങ്ങ് സമാപിച്ചു.

മാഹി റെയിൽവേ സ്റ്റേഷൻ പരിസരത്ത് കണ്ടെത്തിയ മൃതദേഹം തൃശ്ശൂർ സ്വദേശിയുടേത്

തൃശ്ശൂർ: മാഹി റെയിൽവേ സ്റ്റേഷൻ പരിസരത്ത് കണ്ടെത്തി മൃതദേഹം തൃശ്ശൂർ സ്വദേശിയുടേത്. ചൊവ്വാഴ്ച രാവി



കുറ്റം യാത്രക്കാർക്ക്

തൃശ്ശൂർ: തൃശ്ശൂരിൽ ചികിത്സ വൈകി യുവാവ് മരിച്ച സംഭവം: വിശദീകരണവുമായി ദക്ഷിണ റെയിൽവേ. 'സ്റ്റേഷൻ മാസ്റ്റർ അടിയന്തര നടപടികൾ സ്വീകരിച്ചു'. ചികിത്സ വൈകാൻ കാരണം യാത്രക്കാർ പ്രകോപിതരായത്. യാത്രക്കാർ ചങ്ങല വലിച്ചതും ചികിത്സ വൈകാൻ കാരണമായി. ചാലക്കുടി സ്വദേശി ശ്രീജിത്ത് (26)ആണ് കഴിഞ്ഞദിവസം മരിച്ചത്.

ഭാര്യയും രണ്ട് കുട്ടികളുമുണ്ട്. ആളെ തിരിച്ചറിയുന്ന രേഖകളൊന്നുമുണ്ടായിരുന്നില്ല. പിന്നീടുള്ള അന്വേഷത്തിലാണ് ആളെ വ്യക്തമായത്.

മഹാത്മാഗാന്ധി പാർക്കിന്റെ ഉദ്ഘാടനവും ഗാന്ധി പ്രതിമ അനാച്ഛാദനവും

തൃശൂർ: കോർപ്പറേഷൻ കുട്ടൻകുളങ്ങര ഡിവിഷനിൽ മഹാത്മാഗാന്ധി പാർക്കിന്റെ ഉദ്ഘാടനവും ഗാന്ധി പ്രതിമ അനാച്ഛാദനവും മേയർ എം.കെ വർഗ്ഗീസ് നിർവ്വഹിച്ചു. കൗൺസിലർ എ.കെ സുരേഷ് അധ്യക്ഷത വഹിച്ചു. മുൻ എം.എൽ.എ എം.കെ കണ്ണൻ, സാമൂഹ്യപ്രവർത്തകൻ ഇ.എ ജോസഫ്, സംസാരിച്ചു. സ്റ്റാന്റിംഗ് കമ്മിറ്റി അധ്യക്ഷരായ വർഗ്ഗീസ് കണ്ടംകുളത്തി, ശ്യാമള മുരളീധരൻ, കരോളിൻ ജെറീഷ്, മുകേഷ് കുളപ്പറമ്പിൽ, ജയപ്രകാശ് പൂവ്വത്തിങ്കൽ, സി.പി പോളി, പ്രതിപക്ഷ നേതാവ് രാജൻ ജെ പല്ലൻ, കൗൺസിലർ വിനോദ് പൊള്ളഞ്ചേരി, അഡ്വ ആശിഷ് മുത്തേടത്ത്, എ.ആർ കുമാരൻ, അജയഘോഷ്, സുബ്രഹ്മണ്യൻ, ടീന മേരി സി.ജെ, ടി.ആർ ബാലസുബ്രഹ്മണ്യൻ പങ്കെടുത്തു.

കോടതി പരസ്യം

ബഹു. ഒറ്റപ്പാലം MACT മുമ്പാകെ

OP (MV) 1242/2024

വിഷ്ണുദാസ്

-ഹരജിക്കാരൻ

Nithil Gokul P.P., S/o. Muthu P.P., Panikkaveettil House, Colalambu (P.O.), Pookkarathara, Edappal, Ponnani, Malappuram-679576

-2-ാം എതൃകക്ഷി

മേൽ നമ്പ്രിൽ 2-ാം എതൃകക്ഷിക്കുള്ള നോട്ടീസ് പത്രത്തിൽ പരസ്യം ചെയ്യുവാൻ കൽപ്പിച്ച് കേസ് **05-12-2025** തിയ്യതിക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിക്കുന്നു.

എന്ന്, 6-10-2025

ഹരജിഭാഗം അഡ്വക്കെറ്റ്

പി ഡി ജോസ്

(ഒപ്പ്)

കോടതി പരസ്യം

ബഹു. ഒറ്റപ്പാലം MACT മുമ്പാകെ

OP (MV) 870/2024

E. Krishnankutty

-ഹരജിക്കാരൻ

Mujeeb, S/o. Kadar, Karuppamveettil Kadavil House, Kadappuram (P.O), Thrissur-680514

-